# ചാക്ക മുതൽ ഉളിയക്കോവിൽ വരെയുള്ള 60 കി.മീ.റോഡിൽ അപകടം കുറയ്ക്കുന്നതിനുള്ള കർമ്മപദ്ധതി.

1. നാലു ഹൈവേ പട്രോൾ വാഹനങ്ങളുടെ സേവനം തുടർച്ചയായി ഈ മേഖലയിൽ ഉറപ്പു വരുത്തുക.
2. രണ്ടു സ്പീഡ് റഡാറുകൾ തുടർച്ചയായി ഈ മേഖലയിൽ ഉപയോഗിക്കുക.
3. ആൽക്കോ മീറ്റർ ഉപയോഗിച്ചുള്ള drunken driving detection ഉച്ചയ്ക്ക് 2 മണി മുതൽ രാത്രി 10 മണി വരെ തുടർച്ചയായി ഉറപ്പാക്കുക.
4. ഹെൽമെറ്റ് നിയമം കർശനമായി നടപ്പാക്കുക.
5. സീറ്റ് ബെൽറ്റ് ഉപയോഗം കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
6. വാഹനം ഓടിച്ചു കൊണ്ട് മൊബൈൽ ഫോണിൽ സംസാരിക്കുന്നത് കർശനമായും തടയുക.
7. വളവുകളിലെ ഓവർടേക്കിംഗ് കർശനമായി പിടിക്കുക.
8. സ്കൂൾ മേഖലയിലെയും മാർക്കറ്റ് മേഖലയിലേയും സ്പീഡ് ലിമിറ്റ് കർശനമായും പാലിക്കുക.
9. മാർക്കറ്റ് മേഖലയിലെ സ്പീഡ് ലിമിറ്റ് നടപ്പാക്കുന്നതിനായി സ്പീഡ് ബാരിയറുകൾ ഉപയോഗിക്കുക. (സ്പീഡ് ബാരിയറുകൾ രാത്രി 10 മണിക്കു ശേഷം മാറ്റണം.)
10. രാത്രിയിൽ ലൈറ്റ് ഡിം ചെയ്യാതെ വാഹനം ഓടിക്കുന്നത് കർശനമായും തടയുക.
11. ഹൈവേകളിൽ അലക്ഷ്യമായി വാഹനങ്ങൾ പാർക്കു ചെയ്യുന്നത് കർശനമായി നിയന്ത്രിക്കുക.
12. Highspeed മേഖലയിൽ Speed Detection Camera സ്ഥാപിക്കുക.
13. ദേശീയ പാതയുടെ ഓരത്തുള്ള എല്ലാ സ്കൂളുകളിലും റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിക്കുക.
14. എല്ലാ സ്കൂളുകളുടെ മുന്നിലും Speed Limit Signboard കൾ സ്ഥാപിക്കുക.

15. ഓരോ 5 കിലോമീറ്റർ ഇടവിട്ട്, ടെക്നോ പാർക്ക്, ആക്കുളം, കഴക്കൂട്ടം ജംഗ്ഷൻ, കണിയാപുരം, തുടങ്ങിയ പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ഓരോ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിക്കുക.
16. മൂന്നു മീറ്റർ റോഡ് മാർജിൻ clear ആക്കി സൂക്ഷിക്കുക.
17. റോഡിൽ നിന്നും അൽപം മാറിയുള്ള ലഭ്യമായ സ്ഥലത്ത് പാർക്കിംഗ് സ്ഥലങ്ങൾ ഉണ്ടാക്കുക.
18. അപായ സൂചന നൽകേണ്ട സ്ഥലത്തെല്ലാം അതിനു വേണ്ട ബോർഡുകൾ സ്ഥാപിക്കുക.
19. സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 60 വാർണിംഗ് ലാമ്പുകൾ സ്ഥാപിക്കുക.
20. ഡ്രൈവറുടെ ശ്രദ്ധ കവരുന്ന പരസ്യ ബോർഡുകൾ റോഡിൽ നിന്നും മാറ്റുക.
21. പെഡസ്ട്രിയൻ ക്രോസ്സിംഗ്, ദൂരക്കാഴ്ച്ചയുള്ള സ്ഥലങ്ങളിലായി നിജപ്പെടുത്തുക.
22. കാൽനടക്കാരുടെ സുരക്ഷയെ സംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കുക.(വലതു വശം ചേർന്ന് നടക്കുക, ഫുട്പാത്തിലൂടെ നടക്കുക, റോഡ് മുറിച്ചു കടക്കുന്നത് സീബ്ര ലൈനിലൂടെ തുടങ്ങിയവ.)
23. എല്ലാ ജംഗ്ഷനുകളിലും Line Marking, Turning Marking, സൈഡ് റോഡുകളിൽ ഒരു Middle Point Marking എന്നിവ ചെയ്യുക.
24. ഹൈവേയിലുള്ള അനധികൃത entry ഒഴിവാക്കുക. (' Service road entry പ്രാവർത്തികമാക്കുക.)
25. എല്ലാ സൈഡ് റോഡുകളിലും Sign Board കൾ സ്ഥാപിക്കുക.
26. സൈഡ് റോഡുകളിൽ Rumble Strips സ്ഥാപിച്ച് അവ കാണത്തക്ക വിധം മാർക്ക് ചെയ്യുക.
27. 100 ട്രാഫിക് വാർഡന്മാരെ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ സ്പോൺസർ ചെയ്ത് ഗതാഗത നിയന്ത്രണത്തിനായി ഉപയോഗിക്കുക.

28. റോഡിൻെറ രണ്ട് എൻട്രി പോയിൻറുകളിലും (ചാക്ക, ഉളിയക്കോവിൽ) ഒരു പോലീസുകാരൻ നിന്ന് എല്ലാ വാഹനങ്ങളുടേയും ഡ്രൈവർമാരോട് ഈ വഴിയിൽ അപകടം ഉണ്ടാക്കരുതെന്ന് അഭ്യർത്ഥിച്ച് കൊണ്ട് ഒരു കാർഡ് നൽകും. Exit Point ൽ ഈ കാർഡ് തിരികെ നൽകുകയും ചെയ്യാം. (സ്പോൺസർഷിപ്പിലൂടെ ആവശ്യത്തിന് കാർഡുകൾ ഉണ്ടാക്കാവുന്നതാണ്).
29. ടാക്സി-ഓട്ടോ ഡ്രൈവർമാരെ ഉൾപ്പെടുത്തിക്കൊണ്ട് അപകടങ്ങളിൽ പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള ട്രോമാ കെയർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
30. തിരക്കുള്ള സ്ഥലങ്ങളിൽ റോഡ് മാർജിനിൽ കാൽനടയാത്രക്കാരുടെ സൗകര്യാർത്ഥം റെയിലിംഗ് സ്ഥാപിക്കുക.
31. പാർക്കിംഗ് ഏരിയകൾ പ്രത്യേകം മാർക്ക് ചെയ്യുക.
32. ഡിവൈഡറുകളിൽ റിഫ്ലക്ടർ ലൈറ്റുകൾ ഘടിപ്പിക്കുക.
33. ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷനുമായും മറ്റും സഹകരിച്ചുകൊണ്ട് ഓരോ 30 കിലോമീറ്ററിനുള്ളിലും ഓരോ ആംബുലൻസ് സർവീസ് ഉറപ്പാക്കുക.
34. ഓരോ 500 മീറ്ററിലും Zebra Line കൾ mark ചെയ്യുക. രാത്രിയിൽ അവിടെ വേണ്ടത്ര പ്രകാശം ഉണ്ടെന്ന് ഉറപ്പ് വരുത്തുക.
35. സ്കൂളുകളുടെ മുന്നിലെങ്കിലും Electronic Pedestrian Crossing System സ്ഥാപിക്കുക.
36. ആക്സിഡൻറുകൾ കൂടുതൽ ഉണ്ടാകുന്ന സ്ഥലങ്ങൾ രാത്രി പ്രകാശിതമാക്കുക.
37. ഫുട്പാത്തും റോഡ് സൈഡും കയ്യേറുന്നത് ഒഴിവാക്കുക.
38. റോഡുകളിൽ ആർച്ചുകളും സ്റ്റേജുകളും മറ്റും സ്ഥാപിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി മുനിസിപ്പാലിറ്റിയുമായി ചേർന്ന് പ്രവർത്തിക്കുക.
39. ഈ പ്രോജക്ടിനാവശ്യമായ ഡിജിറ്റൽ ടെക്നോളജി സപ്പോർട്ട്, ടെക്നോപാർക്ക് നൽകുക.
40. ജംഗ്ഷനുകളുടെ സമാന്തരമായി സ്ഥിതി ചെയ്യുന്ന ബസ്സ് സ്റ്റോപ്പുകൾ മാറ്റി സ്ഥാപിക്കുക.

41. ഓട്ടോ റിക്ഷ സ്റ്റാൻറ്, ടാക്സി സ്റ്റാൻറ്, ബസ് സ്റ്റോപ്പ് തുടങ്ങിയവ ഒരേ സ്ഥലത്ത് നൽകാതിരിക്കുക.

42. റോഡു സുരക്ഷാ സന്ദേശ പദയാത്ര പ്രധാനപ്പെട്ട ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുക. പരിക്കേറ്റവരെ പദയാത്രയുടെ ഭാഗമായി പരിചയപ്പെടുത്തുക. ഹെൽമറ്റും, സീറ്റ്ബെൽറ്റും ഉപയോഗിച്ചത് കൊണ്ട് രക്ഷപ്പെട്ടവരെ പദയാത്രയിൽ ഉൾപ്പെടുത്തുക. മരിച്ചവരെ കുറിച്ചുള്ള അനുസ്മരണ യോഗങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

43. ഓരോ ആഴ്ചയിലും ഹൈവെ സുരക്ഷാ ജാഗ്രതാ സമിതികൾ യോഗം ചേർന്ന് പദ്ധതി വിജയപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

44. ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ കൃത്യമായും യോഗം ചേരുകയും പദ്ധതി വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.

45. വ്യാപാരി വ്യവസായി ഏകോപന സമിതികളും മറ്റുമായി ചേർന്ന് കടകളിലെ സാധനങ്ങൾ റോഡിലിറക്കി വയ്ക്കുന്നത് പരിപൂർണ്ണമായി അവസാനിപ്പിക്കുക.

46. ഓരോ പെറ്റി കേസ് പിടിക്കുമ്പോഴും പിടിക്കപ്പെടുന്നവർക്ക് റോഡ് നിയമങ്ങൾ അടങ്ങിയ ഒരു ലഘുലേഖ നൽകുക.

47. പോലീസ് അലർട്ട് സർവീസ്സ് ടെലഫോൺ നമ്പർ കഴിയുന്നത്ര വണ്ടികളിൽ പ്രദർശിപ്പിക്കുക.

48. പുതുതായി ലൈസൻസ് എടുക്കുന്ന ഡ്രൈവർമാർക്കായി പരിശീലന പരിപാടികളും ബസ്, ടാക്സി, ഓട്ടോ, സ്കൂൾ വാൻ എന്നിവയിലെ ഡ്രൈവർമാർക്കായി പ്രത്യേകം പ്രത്യേകം പരിശീലനപരിപാടികളും സംഘടിപ്പിക്കുക.

49. ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷനുമായി സഹകരിച്ച് Trauma Care/First Aid training പരമാവധി റോഡ് ഉപയോക്താക്കൾക്കു നൽകുക.

50. എല്ലാ ആഴ്ചയിലും ആ ആഴ്ചയിലുണ്ടായ അപകടങ്ങൾ വിലയിരുത്തുന്നതിനായി യോഗം വിളിക്കുക.

****************************